# പ്രതിപക്ഷനേതാവിന്റെ കാബിനറ്റ് പദവി: ഗവർണർക്ക് മുഖ്യമന്ത്രിയുടെ വിശദീകരണം

തിരുവനന്തപുരം: പ്രതിപക്ഷനേതാവിന്റെ കാബിനറ്റ് പദവി ഇരട്ടപ്പദവിയല്ലെന്നു മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഗവർണറെ അറിയിച്ചു. പ്രതിപക്ഷനേതാവ് വി.എസ്. അച്യുതാനന്ദന്റെ ഇരട്ടപ്പദവി സംബന്ധിച്ച പരാതിയിൽ ഗവർണർ തേടിയ വിശദീകരണത്തിനു മറുപടിയായാണ് ഇക്കാര്യം അറിയിച്ചത്. ചീഫ്‌വിപ്പ് പദവിയും ഇരട്ടപ്പദവിയുടെ പരിധിയിൽ വരില്ലെന്നു മുഖ്യമന്ത്രിയുടെ വിശദീകരണത്തിൽ പറയുന്നു.

മുതിർന്ന മാധ്യമപ്രവർത്തകൻ പി. രാജനാണു വി.എസ്. അച്യുതാനന്ദനെതിരേ ഇരട്ടപ്പദവി ആരോപണം ഉന്നയിച്ചു ഗവർണർക്കു പരാതി നൽകിയത്. എം.എൽ.എ. സ്ഥാനത്തിരിക്കുന്നവർ മറ്റു സ്ഥാനത്തുകൂടി ഇരുന്ന് വേതനവും ആനുകൂല്യങ്ങളും പറ്റുന്നതു ഭരണഘടനാവിരുദ്ധമാണെന്നു പരാതിയിൽ ചൂണ്ടിക്കാണിച്ചിരുന്നു. പ്രതിപക്ഷനേതാവ് ഇരട്ടപ്പദവിയുടെ പരിധിയിൽ വരില്ലെന്നും ചീഫ് വിപ്പിന്റെ കാര്യത്തിൽ സംശയമുണ്ടെന്നും വി.എസ്. അച്യുതാനന്ദൻ പ്രതികരിച്ചിരുന്നു. താൻ ഇതിനു മുമ്പു രണ്ടുതവണയും ഉമ്മൻചാണ്ടി ഒരുതവണയും പ്രതിപക്ഷനേതാവായി ഇരുന്നിട്ടുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടിയിരുന്നു. അന്നൊന്നും ഇത്തരം ആക്ഷേപം ഉയർന്നിട്ടില്ലെന്നും വി.എസ്. കൂട്ടിച്ചേർത്തു.